"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കായംകുളം നഗരസഭയിലെ മുൻസിപ്പൽ സെക്രട്ടറി ആയ ശ്രീ.ധീരജ് മാത്യു ന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2337/2023/LSGD തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-
1. ശ്രീ.ധീരജ് മാത്യുവിന്റെ 01.04.2022 ലെ അപേക്ഷ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.06.2023 ലെ (എൽ.ഡിസ്) എം.ആർ1/52407 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2023 ലെ LSGD/PD/14822/2023-DEG1 നമ്പർ കത്ത്

**ഉത്തരവ്**

കായംകുളം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ധീരജ് മാത്യു.ജെ.ജെ യ്ക്ക് തിരുവനന്തപുരം എസ്.പി ഫോർട്ട് ഹോസ്പിറ്റലിൽ അസ്ഥി സംബന്ധമായ ചികിൽസയ്ക്ക് 10.01.2022 മുതൽ 14.02.2022 വരെ ചെലവായ തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാന്റെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 2,31,428/-രൂപ (രണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ ചികിൽസയ്ക്ക് പലിശരഹിത ചികിൽസാവായ്പ അനുവദിച്ചിട്ടില്ല എന്നും, ഇപ്പോൾ സമർപ്പിച്ച ക്ലെയിമിൽ ഉൾപ്പെട്ട ബില്ലുകൾ മുൻപ് അനുവദിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ, കായംകുളം നഗരസഭാ

സെക്രട്ടറിയായിരുന്ന ശ്രീ.ധീരജ് മാത്യൂ.ജെ.ജെ യ്ക്ക് തിരുവനന്തപുരം എസ്.പി ഫോർട്ട് ഹോസ്പിറ്റലിൽ അസ്ഥി സംബന്ധമായ ചികിൽസയ്ക്ക് ചെലവായ തുകയിൽ സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ 2,31,428/- (രണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപയുടെ 80% ആയ 185142/- (ഒരു ലക്ഷത്തി എൺപത്തി അയ്യായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) രൂപ, കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്ന പക്ഷം അപേക്ഷകൻ തുക തിരിച്ച് അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ

ശ്രീ.ധീരജ് മാത്യൂ ജെ.ജെ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം കരുതൽ

ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 27-11-2023 15:12:10

സെക്ഷൻ ഓഫീസർ